LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി മുഖേന അനുവദിച്ച കുടിവെള്ള-സ്റ്റേഡിയം പദ്ധതികൾ

20(3441) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന കുടിവെള്ള പദ്ധതികൾക്കും സ്റ്റേഡിയങ്ങൾക്കുമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കിഫ്ബി മുഖേന അനുവദിച്ച കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതി

21(3442) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം എന്ന പദ്ധതിക്ക് ആകെ എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയതെന്ന് അറിയിക്കാമോ?

അകത്തേത്തറ നടക്കാവിൽ റെയിൽവേ മേൽപ്പാലം പദ്ധതിക്ക് 35.98 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സ്ഥലം ഏറ്റെടുക്കുന്നതിനും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും റെയിൽവേയ്ക്ക് അടയ്ക്കുന്നതിനുമായി എത്ര തുക വീതമാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

പദ്ധതിയുടെ കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 9,91,296 രൂപയും കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 38,65,336 രൂപയും ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും 4,86,73,008 രൂപയും റെയിൽവേ ചാർജിന് 16,50,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഈ തുകകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പദ്ധതിയുടെ ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും 4,86,73,008 രൂപയും റെയിൽവേ ചാർജിനത്തിൽ 16,50,000 രൂപയും ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.